നാശനഷ്ടം ഗവൺമെന്റ് തരണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അതല്ലെങ്കിൽ അവരിൽനിന്നെങ്കിലും വാങ്ങിത്തരാനുള്ള നടപടിയുണ്ടാകണം. ഈ ജീപ്പ് കസ്റ്റഡിയിൽ എടുക്കണം. അവരെ അറസ്റ്റ് ചെയ്യാൻ നടപടിയുണ്ടാകണം. ഇത് അവിടത്തെ പോലീസ് അന്വേഷിച്ചാൽ പോരാ, മറ്റാരെയെങ്കിലും കൊണ്ട് അന്വേഷിപ്പിക്കുകയും വേണം.

[10 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് പഞ്ചായത്തിലെ പച്ചമലയിൽ 7.7.99-ന് രാത്രി ഏഴു മണിയോടെ ഒരു ലോറിയിൽ കൊണ്ടുവന്ന മണൽ ഇറക്കുന്നതുസംബന്ധിച്ച് ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായി. അംഗീകൃത തൊഴിലാളിയല്ലാത്ത ഒരാളെക്കൂടിചേർത്ത് ലോഡ് ഇറക്കാൻ ശ്രമിച്ചപ്പോൾ ഐ.എൻ.ടി.യു.സി വിഭാഗം തൊഴിലാളികൾ എതിർത്തു. തുടർന്ന് പുറത്തു നിന്ന് വന്ന ആളിനെ ഒഴിവാക്കി ലോഡ് ഇറക്കാൻ ധാരണയായതോടെ പ്രശ്നം പരിഹരിക്കപ്പെട്ടു. ഈ സമയത്ത് സി.പി.ഐ(എം)-ന്റെ ലോക്കൽകമ്മിറ്റി സെക്രട്ടറി പ്രഭാത്കുമാർ തൊഴിലാളികളുടെ യോഗത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി സ്ഥലത്ത് എത്തിയിരുന്നു. യോഗം മാറ്റിവച്ചതിനെത്തുടർന്ന് തിരിച്ചുപോവുകയായിരുന്ന പ്രഭാത്കുമാറിനെ ഐ.എൻ.ടി.യു.സി. പ്രവർത്തകരായ ചിലർ ചേർന്ന് തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിച്ചു. ഇക്കാര്യത്തിന് പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 127/99-ാം നമ്പരായി ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധവകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

സർ, സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി പ്രഭാത് കുമാറിനെ ആക്രമിച്ചതിനെത്തുടർന്ന് അന്നുരാത്രി നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പച്ചരവിയെ സി.ഐ.ടി.യു. പ്രവർത്തകരായ ഒരു സംഘം ആളുകൾ കല്ലെറിഞ്ഞു പരിക്കേൽപ്പിച്ചു. കല്ലേറിൽ രവിയുടെ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നന്ദിയോട് പഞ്ചായത്ത് മെമ്പർ വേണുഗോപാലന്റെ വീടിനുനേരെ കല്ലെറിഞ്ഞ ഒരു സംഭവവുമുണ്ടായിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളിലുമായി യഥാക്രമം ക്രൈം 128/99, 130/99 എന്നീ നമ്പരായി പാലോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഐ.എൻ.ടി.യു.സി സംഘടനയിൽ നിന്ന് രാജിവച്ച ചിലർ ചേർന്ന് ഐ.എൻ.ടി.യു.സിയുടെ കൺവീനർ എലിസനെ മർദ്ദിച്ചതായ പരാതിയിൻമേൽ പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 179/99 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥലത്ത് ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം ഊർജ്ജിതമായി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിതിഗതികൾ നിയന്ത്രിക്കാനാവശ്യമായ പോലീസിനെയും അവിടെ നിയോഗിച്ചിട്ടുണ്ട്.

(2) ആകാശവാണി കോഴിക്കോട് നിലയത്തിലെ വാർത്താവിഭാഗം നിർത്തലാക്കാനുള്ള തീരുമാനം

ശ്രീ. എം.കെ. മുനീർ : സർ, ആകാശവാണിയുടെ കോഴിക്കോട് നിലയത്തിൽ കഴിഞ്ഞ 35 വർഷമായി പ്രവർത്തിച്ചുവരുന്ന വാർത്താവിഭാഗം നിർത്തലാക്കാൻ പ്രസാർഭാരതി കോർപ്പറേഷൻ തീരുമാനിച്ചതായി അറിയുന്നു. പക്ഷെ ഈ അടുത്തസമയത്ത് കേന്ദ്രമന്ത്രി കേരളത്തിൽ വന്ന് അങ്ങനെയൊരു നടപടി ഉണ്ടാവുകയില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അത് പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥത്തിൽ നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ആ ഉറപ്പ് വ്യക്തമായി ലഭിക്കാൻ കേന്ദ്രസർക്കാരുമായി ബന്ധപ്പെടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

സർ, ഇതിനുമുൻപും 1984-85 കാലത്ത് ഇത്തരത്തിലുള്ള ഒരു ശ്രമം നടന്നിരുന്നു. പക്ഷെ അന്ന് ശക്തമായ എതിർപ്പിനെ തുടർന്ന് ഉപേക്ഷിക്കുകയാണുണ്ടായത്. ഇപ്പോൾ ഇതിനു പറയുന്ന കാരണം ലാഭകരമല്ലെന്നുള്ളതാണ്. ധാരാളം സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെന്നുള്ളതാണ്. കോഴിക്കോട് വാർത്താശേഖരണത്തിനും പ്രക്ഷേപണത്തിനുമായി അത്രമാത്രം ഭാരിച്ച ചെലവൊന്നും വരുന്നില്ലെന്നുള്ളതാണ് സത്യം. രണ്ട് ന്യൂസ് റീഡർമാർ, ഒരു ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ്, റിപ്പോർട്ടർ (ന്യൂസ്) എന്നീ തസ്തികകൾ കോഴിക്കോട് വാർത്താവിഭാഗത്തിന് ആവശ്യമാണെന്ന വസ്തുത പരിഗണിച്ചാൽത്തന്നെ കോഴിക്കോട് വാർത്താവിഭാഗം ഉണ്ടെന്നുള്ള മെച്ചം പരിഗണിച്ചാൽ ഈ സ്റ്റാഫിന് വേണ്ടിവരുന്ന ചെലവ് തെല്ലും അനാവശ്യമല്ലെന്ന് നമുക്ക് ബോദ്ധ്യമാകും. പ്രാദേശിക വാർത്തകൾ, പ്രത്യേകിച്ച് പത്രങ്ങളിൽപ്പോലും പ്രാദേശികമായ എഡിഷൻ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക വാർത്തകൾക്ക് ധാരാളം പ്രാധാന്യമുണ്ട്. പോണ്ടിച്ചേരിയുടെ ഭാഗമായ മാഹി, ലക്ഷദ്വീപ് സമൂഹം എന്നിവിടങ്ങളിലെ ജനങ്ങൾക്ക് കോഴിക്കോട്ടുനിന്നുള്ള പ്രത്യേക വാർത്താബുള്ളറ്റിൻ ഏറെ പ്രയോജനകരമായിരുന്നു. തിരുവനന്തപുരത്തുനിന്ന് പ്രക്ഷേപണം ചെയ്യുന്നതും എല്ലാ നിലയങ്ങളും റിലേ ചെയ്യുന്നതുമായ ഒരു ബുള്ളറ്റിൻ വഴി കേരളത്തിന്റേതുപോലെ ജനസാന്ദ്രതയും സാക്ഷരതയും സാമൂഹിക ബോധവുമുള്ള ഒരു ജനസഞ്ചയത്തിന് തൃപ്തിവരാൻ ഇടയില്ല. അവരെ തൃപ്തിപ്പെടുത്താൻ ആകാശവാണിക്കേ സാധിക്കൂ. അതുകൊണ്ട് വളരെ വ്യക്തമായ ഒരു ഉറപ്പ് നമുക്ക് ലഭിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കൂട്ടത്തിൽ തിരുവനന്തപുരത്തുനിന്നും ഗൾഫ് നാട്ടുകാർക്കുവേണ്ടിയുള്ള ഒരു പ്രക്ഷേപണം 15 മിനിട്ട് നടത്താമെന്നുള്ള ഒരു തീരുമാനമുണ്ട്. പക്ഷെ അതും ഡൽഹിയിലേക്ക് കൊണ്ടുപോകാനുള്ള ഒരു സമ്മർദ്ദം നടക്കുന്നുണ്ട്. ഷോർട്ട് വേവ് പ്രസരണി സംവിധാനം നിലവിലിരിക്കെയാണ് ഇത് ഡൽഹിയിലേക്ക് പറിച്ചുനടാനുള്ള ശ്രമം നടക്കുന്നത്. ഇത്തരത്തിലുള്ള ശ്രമങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ആകാശവാണി കോഴിക്കോട്ടു നിലയത്തിലെ പ്രാദേശിക വാർത്താവിഭാഗം നിറുത്തൽ ചെയ്യുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം ഡൽഹിയിലുള്ള ആകാശവാണി ന്യൂസ് സർവീസ് ഡിവിഷനിൽ പരിഗണനയിലുള്ളതായിട്ടാണ് അറിയുന്നത്. ഇതു നിറുത്തൽ ചെയ്യുന്നതിനെപ്പറ്റി കോഴിക്കോട് സ്റ്റേഷൻ ഡയറക്ടറുടെ അഭിപ്രായം ചോദിച്ചിരുന്നു. മലബാർ പ്രദേശത്തിന്റെ പൊതുവെയുള്ള പിന്നോക്കാവസ്ഥ, സാമൂഹ്യ ജനസംഖ്യയുടെ പ്രത്യേകതകൾ, വാർത്താപ്രക്ഷേപണത്തിന്റെ കേന്ദ്രീകരണം വഴി ഉണ്ടാകുന്ന പ്രാദേശികമായ അസംതുലിതാവസ്ഥ, ലക്ഷദ്വീപുമായുള്ള സാമീപ്യം, കോഴിക്കോടു നിന്നും രാവിലെയുള്ള പ്രാദേശിക വാർത്തയുടെ പ്രചാരം തുടങ്ങിയവ പരിഗണിച്ച് ഈ നിലയത്തിലെ വാർത്താവിഭാഗം തുടരാൻ അനുവദിക്കണമെന്ന് സ്റ്റേഷൻ ഡയറക്ടർ അഭ്യർത്ഥിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മുപ്പത്തിമൂന്നു കൊല്ലമായി ഇവിടെ പ്രാദേശിക വാർത്താവിഭാഗം പ്രവർത്തിക്കുന്ന കാര്യവും ചൂണ്ടിക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനെതിരെ പത്രമാധ്യമങ്ങളിലൂടെയും അല്ലാതെയും ഉയർത്തിയിട്ടുള്ള ശക്തമായ പൊതുജനാഭിപ്രായവും ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും മാത്രമാണ് ആകാശവാണിയുടെ പ്രാദേശിക വാർത്താവിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ലെന്നും പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽപ്പെടുന്നതാണെന്നും അറിയുന്നുണ്ട്.

(3) ഇരിട്ടി സബ്ട്രഷറിയുടെ ശോച്യാവസ്ഥ

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : സർ, എന്റെ മണ്ഡലത്തിന്റെ ഹെഡ് ക്വാർട്ടേഴ്സായ ഇരിട്ടിയിൽ 1986-ൽ സ്ഥാപിച്ച സബ്ട്രഷറിയുടെ പരാധീനതകളും പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒരു വാടക കെട്ടിടത്തിലാണ് ഈ സബ്ട്രഷറി പ്രവർത്തിക്കുന്നത്. കാറ്റും വെളിച്ചവും കടക്കാത്ത ഇരുട്ടറയാണ്. റിക്കാർഡുകൾ സൂക്ഷിക്കാൻ സംവിധാനമില്ല. സേഫിനു സേഫ്റ്റിയില്ല. ചോർന്നൊലിക്കുന്ന മുറികളാണ്. ഈ കെട്ടിടം ഒഴിയാൻ കെട്ടിട ഉടമ വക്കീൽനോട്ടീസ് അയച്ചിരിക്കുകയാണ്. അതുകൊണ്ട് അയാൾ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. ആവശ്യത്തിന് ജീവനക്കാരില്ല. ട്രഷറിയിൽ പണത്തിനു പോയാൽ അന്ന് ഇടപാടില്ല. മറ്റൊരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം വാടകയ്ക്ക് വിട്ടുകൊടുക്കാൻ സമ്മതപത്രം കൊടുത്തിട്ട് മാസങ്ങൾ കഴിഞ്ഞെങ്കിലും ബന്ധപ്പെട്ടവർ അനുവാദം കൊടുത്തില്ല. അതിനാൽ വാടക കെട്ടിടത്തിലേക്ക് സബ്ട്രഷറി മാറ്റുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സ്വന്തമായ കെട്ടിടം പണിയുന്നതിനും നടപടി സ്വീകരിക്കണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമോനോൻ)</u> : സർ, ഇരിട്ടി സബ്ട്രഷറി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. അറ്റകുറ്റ പണികൾ നടത്താത്തതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഈ സബ്ട്രഷറി മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഒരു കെട്ടിടം കണ്ടെത്താൻ വളരെ നാളുകളായി ശ്രമിക്കുകയാണ്. ഇപ്പോൾ ഇരിട്ടി ടൗണിൽ പയ്യഞ്ചേരി മുക്കിൽ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് നടപടികൾ പൂർത്തിയായി വരികയാണ്. ഇരിട്ടി സബ്ട്രഷറി ഈ വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതോടൊപ്പം സർക്കാർ ഭൂമി കണ്ടെത്തി ഈ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇരിട്ടി സബ്ട്രഷറിയിൽ താഴെപ്പറയുന്ന തസ്തികകളുണ്ട്. സബ്ട്രഷറി ഓഫീസർ-ഒന്ന്, അക്കൗണ്ടന്റ്-4, ട്രഷറർ-ഒന്ന്, ക്ലാസ്സ് IV ജീവനക്കാർ രണ്ട്. ജോലിഭാരം അനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്നതാണ്.

(4) പുനലൂർ മണ്ഡലത്തിലെ വെട്ടിപ്പുഴ-ചെമ്മന്താർ പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, പുനലൂർ മണ്ഡലത്തിൽപ്പെട്ട ന്യൂ എം.എൽ.എ സ്കീമിൽപ്പെടുത്തി നിർമ്മാണം ആരംഭിച്ച വെട്ടിപ്പുഴ ചെമ്മന്താർ പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗതാഗത തിരക്കുള്ള പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly